# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4580** 25.06.2019 -ൽ മറുപടിയ്ക്ക്

## മുണ്ടക്കയം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

**ചോദ്യം**

ശ്രീ.പി.സി. ജോർജ് :

(എ) മുണ്ടക്കയം വില്ലേജ് ഓഫീസിനായുള്ള കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) യും (ബി) യും നിലവിൽ പ്രവർത്തിക്കുന്ന വില്ലേജ് ആഫീസ് കെട്ടിടം പൂർണ്ണമായും പൊളിച്ചു നീക്കം ചെയ്തു പൊതുമരാമത്തു വകുപ്പിന് തടസ്സരഹിത സ്ഥലം കൈമാറിയാൽ മാത്രമേ മുണ്ടക്കയം വില്ലേജ് ഓഫീസിനായുള്ള പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം അറിയിച്ചിട്ടുണ്ട്. ആയതിനാൽ വില്ലേജ് ആഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സ്വകാര്യ കെട്ടിടം ലഭ്യമാക്കി പഴയ കെട്ടിടം പൊളിച്ചു നീക്കി തടസ്സരഹിത സ്ഥലം പൊതുമരാമത്ത് വകുപ്പിന് അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.



**സെക്ഷൻ ഓഫീസർ**